27-10-2026

Short Notice Question

അടിയന്തര ചോദ്യം

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ സുപ്രധാന സെക്ഷനുകളെ ആർ.ടി.ഐ. പരിധിയിൽനിന്ന് ഒഴിവാക്കൽ

ശ്രീ. കെ. കെ. വത്സരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ രഹസ്യ കേസ് ഫയലുകൾ കൈകാര്യം ചെയ്യുന്ന TI, T2 സെക്ഷനുകളെ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 24(4) പ്രകാരം പരിധിയിൽനിന്ന് ഒഴിവാക്കി 2026 ഒക്ടോബർ 22-ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ, എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പറും വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) ഉയർന്ന തലത്തിലുള്ള അഴിമതി ആരോപണങ്ങളും വി.ഐ.പി. കേസ് അന്വേഷണങ്ങളും കൈകാര്യം ചെയ്യുന്ന സെക്ഷനുകളെ ആർ.ടി.ഐ. പരിധിയിൽ നിന്ന് ഒഴിവാക്കുന്നത് ഭരണത്തിൽ സുതാര്യത കുറയ്ക്കുമെന്ന ആശങ്ക ഉയർന്നിട്ടുള്ള സാഹചര്യത്തിൽ, എന്ത് അടിയന്തര സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ ഈ

തീരുമാനമെന്ന് വ്യക്തമാക്കാമോ;

(സി) ആർ.ടി.ഐ. നിയമത്തിലെ സെക്ഷൻ 24(4) അനുസരിച്ച് ഒഴിവാക്കപ്പെടുന്ന വിഭാഗങ്ങൾക്കും അഴിമതി, മനുഷ്യാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകേണ്ടതുണ്ടെന്ന നിയമപരമായ അനുബന്ധ വ്യവസ്ഥ നിലനിൽക്കെ, പൊതുജനങ്ങളുടെ വിവരാവകാശത്തെയും സുതാര്യതയെയും ബാധിക്കാത്ത രീതിയിൽ ഇതിന്റെ പ്രവർത്തനം ഉറപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അഴിമതി നിർമ്മാർജ്ജനം ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ സർക്കാർ, ഈ വിജ്ഞാപനം പുനഃപരിശോധിക്കാനോ അതിൽ വ്യക്തത വരുത്താനോ തയ്യാറാകുമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, (എ) ഇത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത്, വിജിലൻസ് ഡയറക്ടറുടെ 11-01-2025-ലെ RTI-51333/2024/DVACB നമ്പർ കത്ത് പ്രകാരം ഒരു ശിപാർശ ലഭിച്ചിരുന്നു. വിജിലൻസ് അന്വേഷണം (VE),

Short Notice Question

പ്രാഥമിക അന്വേഷണം (PE), മിന്നൽ പരിശോധന (SC) എന്നീ വിവിധ അന്വേഷണങ്ങളിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകളിന്മേൽ തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തേണ്ടി വരാറുണ്ടെന്നും ഇത്തരം സാഹചര്യങ്ങളിൽ വിജിലൻസ് കേസിന് ആസ്പദമായി നടത്തിയിരുന്ന അന്വേഷണം നിയമപ്രകാരം അവസാനിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരം രേഖകൾ നൽകേണ്ടതായി വരുന്ന സാഹചര്യം കേസന്വേഷണത്തെ ഗുരുതരമായി ബാധിക്കുന്നുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ മേൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ വിവരാവകാശ നിയമം സെക്ഷൻ 24 പ്രകാരം വിവരം നൽകുന്നതിൽനിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിജിലൻസ് ഡയറക്ടർ അഭ്യർഥിക്കുകയുണ്ടായി. ഇതിന്മേലുള്ള തുടർനടപടികളുടെ ഭാഗമായാണ് ഈ നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടുള്ളത്. വിജിലൻസ് ആൻഡ് ആന്റ് കറപ്ഷൻ ബ്യൂറോയിലെ കോൺഫിഡൻഷ്യൽ ഫയലുകൾ കൈകാര്യം ചെയ്യുന്ന TI,

Short Notice Question

T2 സെക്ഷനുകളെ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 24(4) പ്രകാരം പരിധിയിൽ നിന്ന് ഒഴിവാക്കി 2026 ഒക്ടോബർ 22-ന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. G.O.(P) No.23/2026/GAD നമ്പർ ഉത്തരവ് SRO No.856/2026 പ്രകാരമാണ് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആസ്ഥാനത്ത് വിവിധ അന്വേഷണങ്ങൾ, പരാതികൾ, പ്രാഥമിക അന്വേഷണങ്ങൾ, വിജിലൻസ് കേസുകൾ, സ്ഥാപനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്ന 52 സെക്ഷനുകളുണ്ട്. ഈ സെക്ഷനുകളെല്ലാം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. എന്നാൽ, 2026 ഒക്ടോബർ 22-ലെ കേരള സർക്കാർ വിജ്ഞാപനപ്രകാരം, വിവരാവകാശ നിയമം, 2005-ലെ സെക്ഷൻ 24(2) പ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് T1, T2 സെക്ഷനുകളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആസ്ഥാനത്ത്

Short Notice Question

പ്രവർത്തിക്കുന്ന T സെക്ഷൻ (ടോപ്പ് സീക്രട്ട് സെക്ഷൻ) ബ്യൂറോയുടെ അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന വിവരങ്ങളുടെയും രേഖകളുടെയും പരിപാലനവും കൈകാര്യം ചെയ്യലും ഉൾപ്പെടെയുള്ള നിർണായക ചുമതലകൾ നിർവഹിക്കുന്ന വിഭാഗമാണ്. നിലവിൽ, ഭരണപരമായ സൗകര്യവും കൈകാര്യം ചെയ്യുന്ന ഫയലുകളുടെ സ്വഭാവവും പരിഗണിച്ച്, T സെക്ഷനെ T1, T2 എന്നിങ്ങനെ രണ്ട് ഉപവിഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ T1 സെക്ഷൻ അഴിമതിയുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ, മിന്നൽ പരിശോധനകൾ (Surprise Checks), ഉദ്യോഗസ്ഥരുടെ വാർഷിക രഹസ്യ റിപ്പോർട്ടുകൾ (Annual Confidential Rolls), VACB-യിലെ എല്ലാ എക്സിക്യൂട്ടീവ് ജീവനക്കാരുടെയും വ്യക്തിഗത ഫയലുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. T2 സെക്ഷൻ രഹസ്യാത്മകമായ പരാതിപരിശോധനകൾ, രഹസ്യാന്വേഷണങ്ങൾ, സംസ്ഥാനത്തിന്റെ സമാധാനത്തെയും സുരക്ഷയെയും പൊതുവെ ബാധിക്കുന്ന സ്വഭാവമുള്ള

Short Notice Question

സെൻസിറ്റീവ് കേസുകളിലെ അന്വേഷണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നു.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ രഹസ്യാന്വേഷണ വിഭാഗം തയ്യാറാക്കുന്ന അഴിമതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന സോഴ്സ് റിപ്പോർട്ടുകൾ, അതീവ രഹസ്യസ്വഭാവമുള്ള വിവരങ്ങൾ, അവയുമായി ബന്ധപ്പെട്ട ഫയലുകൾ, രഹസ്യാത്മക പരിശോധനകളുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ വിജിലൻസ് ആസ്ഥാനത്ത് T സെക്ഷൻ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്.

T സെക്ഷനിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങളാണ് വിജിലൻസ് മിന്നൽ പരിശോധനകൾ ഉൾപ്പെടെയുള്ള അഴിമതിവിരുദ്ധ നടപടികൾ ആരംഭിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും അടിസ്ഥാനമാകുന്നത്. ബ്യൂറോയുടെ സുപ്രധാനമായ രഹസ്യാന്വേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന രഹസ്യാത്മക

Short Notice Question

പരിശോധനകളുമായി ബന്ധപ്പെട്ട ഫയലുകളും റിപ്പോർട്ടുകളും T സെക്ഷൻ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. അതിനാൽ, ബ്യൂറോയുടെ രഹസ്യാന്വേഷണ പ്രവർത്തനങ്ങളുടെ ആസൂത്രണം, ഏകോപനം, നിർവഹണം എന്നിവയിൽ T സെക്ഷൻ നിർണായക പങ്ക് വഹിക്കുന്നു.

T സെക്ഷനിൽ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ അഴിമതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്ന വ്യക്തികളുടെ വിശദാംശങ്ങൾ, സോഴ്സ് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ, അത്തരം വിവരങ്ങളുടെ ഉറവിടങ്ങൾ, രഹസ്യാന്വേഷണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ, നിർദിഷ്ട വിജിലൻസ് നടപടികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്നു. ബ്യൂറോയുടെ അന്വേഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനും വിവരദാതാക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ വിവരങ്ങളുടെ രഹസ്യസ്വഭാവം സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇത്തരം വിവരങ്ങൾ പുറത്തുവിടുന്നത് വിവരദാതാക്കൾക്ക് ഭീഷണിയുണ്ടാകുന്നതിനും രഹസ്യവിവരങ്ങളുടെ ഉറവിടം വെളിപ്പെടുന്നതിനും അന്വേഷണവിധേയരായ വ്യക്തികൾക്ക്

വിജിലൻസ് നടപടികളെക്കുറിച്ച് മുൻകൂട്ടി അറിവ് ലഭിക്കുന്നതിനും ഇടയാക്കാം. ഇത് മിന്നൽ പരിശോധനകൾ, രഹസ്യാത്മക പരിശോധനകൾ തുടങ്ങിയ നടപടികളുടെ രഹസ്യസ്വഭാവത്തെയും ഫലപ്രാപ്തിയെയും പ്രതികൂലമായി ബാധിച്ചേക്കാം. അതിനാൽ, ബ്യൂറോയുടെ അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് ഇത്തരം വിവരങ്ങളുടെ രഹസ്യസ്വഭാവം നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ സെക്ഷൻ 6 പ്രകാരമുള്ള പൊതുസമ്മതം കേരള സർക്കാർ പിൻവലിച്ചിട്ടുള്ളതിനാൽ, സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന പ്രതിരോധം, ശാസ്ത്ര ഗവേഷണം, ബഹിരാകാശ ഗവേഷണം തുടങ്ങി എല്ലാ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളേയും സംബന്ധിച്ച അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ സി.ബി.ഐ.-യ്ക്ക് പകരമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പങ്കും പ്രവർത്തനപരിധിയും വിപുലീകരിക്കപ്പെട്ടിട്ടുണ്ട്.

ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളിൽ

നടത്തുന്ന വിജിലൻസ് അന്വേഷണങ്ങളിലും പരിശോധനകളിലും ദേശീയ സുരക്ഷയെയും പരമാധികാരത്തെയും സാരമായി ബാധിക്കാവുന്ന അതീവ രഹസ്യസ്വഭാവമുള്ള വിവരങ്ങൾ ഉൾപ്പെട്ടേക്കാം. അണക്കെട്ടുകളുടെ നിർമ്മാണം, ആയുധങ്ങളുടെ സംഭരണം, ഡാറ്റാ സെന്ററുകളുടെ സ്ഥാപനം, ബഹിരാകാശ ഗവേഷണം, നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ സംഭരണം, സുരക്ഷാ ആവശ്യങ്ങൾക്കുള്ള ഡ്രോണുകൾ, വിവിധ സുരക്ഷാ ആവശ്യങ്ങൾക്കായുള്ള സോഫ്റ്റ്വെയർ, രഹസ്യവിവര ശേഖരണ സംവിധാനങ്ങൾ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. അതിനാൽ, ദേശീയ സുരക്ഷയുടെ താൽപര്യം മുൻനിർത്തി ഇത്തരം ഫയലുകൾ രഹസ്യസ്വഭാവമുള്ളവയായി പരിഗണിക്കുകയും വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തുന്നതിൽനിന്ന് ഒഴിവാക്കേണ്ടത് ആവശ്യമാണ്.

കേന്ദ്ര-സംസ്ഥാന ഇന്റലിജൻസ് ഏജൻസികൾക്ക് വിവരാവകാശ നിയമപ്രകാരം സംരക്ഷണം ലഭിക്കുന്നുണ്ട്. എന്നാൽ, അഴിമതിയുമായി ബന്ധപ്പെട്ട അതീവ രഹസ്യസ്വഭാവമുള്ളതും സുപ്രധാനവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ

Short Notice Question

ആസ്ഥാനത്തെ T സെക്ഷന് പ്രസ്തുത നിയമപ്രകാരം സമാനമായ സംരക്ഷണം ലഭ്യമായിരുന്നില്ല. തൽഫലമായി, അഴിമതിയുമായി ബന്ധപ്പെട്ട സുപ്രധാന വിവരങ്ങളുടെയും അവയുടെ ഉറവിടങ്ങളുടെയും രഹസ്യസ്വഭാവം ആവശ്യമായ രീതിയിൽ സംരക്ഷിക്കുന്നതിൽ ബ്യൂറോയ്ക്ക് പരിമിതികൾ നേരിടേണ്ടിവരുന്നു.

ഈ സാഹചര്യത്തിൽ, T സെക്ഷൻ കൈകാര്യം ചെയ്യുന്ന ഫയലുകളുടെയും അവയിൽ ഉൾപ്പെട്ടിരിക്കുന്ന വിവരങ്ങളുടെയും സ്വഭാവം പരിഗണിക്കുമ്പോൾ, ബ്യൂറോയുടെ രഹസ്യാന്വേഷണ പ്രവർത്തനങ്ങളെയും അന്വേഷണ നടപടിക്രമങ്ങളെയും പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ വിവരാവകാശ നിയമപ്രകാരം ആവശ്യമായ സംരക്ഷണം ലഭ്യമാക്കേണ്ടതുണ്ട്. അതിനാൽ, ബ്യൂറോയുടെ രഹസ്യാന്വേഷണ പ്രവർത്തനങ്ങളുടെ സുരക്ഷയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിനും വിവരദാതാക്കളുടെ സുരക്ഷ സംരക്ഷിക്കുന്നതിനുമായി T സെക്ഷനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമായി വന്നു.

Short Notice Question

നിലവിലുള്ള നിയമപരമായ അധികാരത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഇത്തരം ഒഴിവാക്കൽ ബ്യൂറോയുടെ സുപ്രധാനമായ രഹസ്യാന്വേഷണ സംവിധാനത്തിന്റെ കാര്യക്ഷമതയും സുരക്ഷയും നിലനിർത്തുന്നതിനും അഴിമതിക്കെതിരായ നടപടികൾ കൂടുതൽ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും സഹായകമാകും.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും വിവിധ ഹൈക്കോടതികളുടെയും നിർദ്ദേശങ്ങൾ പ്രകാരവും, വിവരാവകാശ നിയമത്തിലെ സെക്ഷൻ 24(4) അടിസ്ഥാനമാക്കിയും, അഴിമതി ആരോപണങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളെ ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ പാടില്ല. ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്താലുടൻ, ആയതുമായി ബന്ധപ്പെട്ട രഹസ്യ സ്വഭാവമുള്ള നടപടികൾ (ഉദാ- സെർച്ച്, ലോക്കർ ഓപ്പറേഷൻ, ട്രാപ്പ് തുടങ്ങിയവ) ശേഷിക്കുന്നില്ലെങ്കിൽ പ്രഥമ വിവര റിപ്പോർട്ടിന്റെ (FIR) പകർപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാകും. അതുപോലെ, അന്വേഷണം

പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ബന്ധപ്പെട്ട കോടതിയിൽ സമർപ്പിച്ചുകഴിഞ്ഞാൽ, നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായി, ആ റിപ്പോർട്ടിന്റെ പകർപ്പ് കോടതിയിൽ നിന്ന് നേടാവുന്നതാണ്. വിവരാവകാശ നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള സ്വമേധയാ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട ബാധ്യതയുടെ ഭാഗമായി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെയും പ്രഥമ വിവര റിപ്പോർട്ടുകളും മറ്റ് വിവരങ്ങളും, FIR രജിസ്റ്റർ ചെയ്യുന്ന തീയതിയിൽത്തന്നെ, മറ്റ് രഹസ്യ സ്വഭാവമുള്ള നടപടികൾ ശേഷിക്കുന്നില്ലെങ്കിൽ, ബ്യൂറോയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ തത്സമയ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഇതിലൂടെ കേസുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ബ്യൂറോയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും സാധിക്കുന്നു.

അതിനാൽ, കേസുകളുടെയും FIR-കളുടെയും വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഇതിനകം തന്നെ നിലവിലുള്ളതുമാണ്. 'T1', 'T2' സെക്ഷനുകളുടെ കീഴിൽ വരാത്ത വിജിലൻസ് അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചതിനുശേഷം വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ (VACB) ആകെ ഫയലുകളിൽ 1 മുതൽ 2 ശതമാനം വരെ മാത്രമേ T വിഭാഗത്തിൽ ഉൾപ്പെടുന്നുള്ളൂ. ബ്യൂറോയിലെ മറ്റ് ഫയലുകളെല്ലാം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നവയുമാണ്. 'T1', 'T2' വിഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണെങ്കിൽ പോലും, അന്വേഷണം അതീവ രഹസ്യസ്വഭാവമുള്ളതോ സുരക്ഷാപ്രാധാന്യമുള്ളതോ അല്ലാത്ത പക്ഷം, വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്താൻ അനുവാദമുള്ള രേഖകൾ അപേക്ഷകർക്ക് നൽകുന്നതാണ്.

Short Notice Question

(ഡി) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കൈകാര്യം ചെയ്യുന്ന അഴിമതി നിരോധന നിയമപ്രകാരമുള്ള ആകെ ഫയലുകളിൽ 1 മുതൽ 2 ശതമാനം വരെ മാത്രമേ T വിഭാഗത്തിൽ ഉൾപ്പെടുന്നുള്ളൂ. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെയും പ്രഥമ വിവര റിപ്പോർട്ടുകളും മറ്റ് വിവരങ്ങളും, FIR രജിസ്റ്റർ ചെയ്യുന്ന തീയതിയിൽത്തന്നെ, മറ്റ് രഹസ്യ സ്വഭാവമുള്ള നടപടികൾ ശേഷിക്കുന്നില്ലെങ്കിൽ, ബ്യൂറോയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ തത്സമയ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഇതിലൂടെ കേസുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ബ്യൂറോയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും സാധിക്കുന്നു. അതിനാൽ, കേസുകളുടെയും FIR-കളുടെയും വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഇതിനകം തന്നെ നിലവിലുള്ളതുമാണ്. 'T1', 'T2' വിഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണെങ്കിൽ പോലും, അന്വേഷണം അതീവ

രഹസ്യസ്വഭാവമുള്ളതോ സുരക്ഷാപ്രാധാന്യമുള്ളതോ അല്ലാത്ത പക്ഷം, വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്താൻ അനുവാദമുള്ള രേഖകൾ അപേക്ഷകർക്ക് നൽകുന്നതാണ്.

ശ്രീ. കെ. കെ. വത്സരാജ്: സർ, വിവരാവകാശ നിയമത്തിലെ സെക്ഷൻ 24(4)-ന്റെ അനുബന്ധമായിതന്നെ അഴിമതി ആരോപണങ്ങളും അതുപോലതന്നെ മനുഷ്യാവകാശ ലംഘനങ്ങളും സംബന്ധിച്ച വിവരങ്ങൾ ഒഴിവാക്കുന്ന പട്ടികയിൽ വരുന്നതല്ല. നിയമത്തിന്റെ അടിസ്ഥാനത്തിൽ അത് നൽകാൻ ബാധ്യതയുണ്ട്. അത്തരത്തിൽ അത് നൽകുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഗവൺമെന്റിന്റെ നിലപാട് ഇക്കാര്യത്തിൽ വളരെ വ്യക്തമാണ്. ഡോ. മൻമോഹൻ സിങ്ങിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് വിവരാവകാശ നിയമം കൊണ്ടുവന്നത്. ആ വിവരാവകാശ നിയമത്തിൽ വെള്ളം ചേർക്കണമെന്നുള്ള താല്പര്യം ഗവൺമെന്റിനില്ല. ഈ നിയമം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന സമയത്തുതന്നെ ഐ.ബി, സി.ബി.ഐ., ഇന്റേണൽ സെക്യൂരിറ്റി തുടങ്ങിയ

വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിൽ സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ബ്രാഞ്ച്, സ്റ്റേറ്റ് ക്രൈം ബ്രാഞ്ച്, ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച്, ക്രൈം റിക്കാർഡ്സ് ബ്യൂറോ എന്നീ അന്വേഷണ ഏജൻസികളെ 24(4) പ്രകാരമുള്ള വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇത് എന്തിനാണെന്ന് വച്ചാൽ, അതീവ രഹസ്യ സ്വഭാവമുള്ള ചില കാര്യങ്ങളുണ്ടാകും. ആ രഹസ്യ സ്വഭാവമുള്ള കേസുകളുടെ അന്വേഷണം നടക്കുമ്പോൾ അതിന്റെ വിവരങ്ങൾ പുറത്തുവിട്ടാൽ അത് ഗുണമുണ്ടാക്കുന്നത് പ്രതികൾക്കായിരിക്കും. അതുകൊണ്ടാണ് അന്വേഷണം തീരുന്നതുവരെ, കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ഇത് രഹസ്യമായി സൂക്ഷിക്കണമെന്ന് പറഞ്ഞിട്ടുള്ളത്. T1, T2 എന്നുപറയുന്നത് രണ്ട് ചെറിയ സെക്ഷനാണ്. അത് ടോപ് സീക്രട്ടായിട്ടുള്ള സെക്ഷനുകളാണ്. അത് മൊത്തം ഞാൻ പരിശോധിച്ചപ്പോൾ, ഒരു ശതമാനം മുതൽ രണ്ട് ശതമാനം വരെയുള്ള കേസുകളിലാണ് ഇത് വരുന്നത്. ബഹിരാകാശവുമായി ബന്ധപ്പെട്ട കേസുകൾ, ഇന്റേണൽ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട കേസുകൾ, രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ എന്നിവയിലൊക്കെ

Short Notice Question

അതീവ രഹസ്യമായ കാര്യങ്ങൾ സൂക്ഷിക്കേണ്ടത് അന്വേഷണത്തിന് ആവശ്യമാണ്. ട്രാപ് കേസുകൾ, വിജിലൻസ് പിടിക്കുന്ന മറ്റ് അഴിമതി കേസുകൾ, അതിന്റെ രഹസ്യ വിവരങ്ങൾ, ആളുകൾ നൽകുന്ന മൊഴികൾ, ഇതെല്ലാം പുറത്തുവന്നു കഴിഞ്ഞാൽ അന്വേഷണം കാര്യമായി നടക്കുന്നില്ല. അന്വേഷണം നടന്നുകഴിഞ്ഞാൽ എഫ്.ഐ.ആർ. കോടതിയിൽ കൊടുക്കുന്നതാണ്, കുറ്റപത്രം കോടതിയിൽ കൊടുക്കുന്നതാണ്. അത് പബ്ലിക്കിന്റെ മുമ്പിലുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇൻഫർമേഷൻ ആക്ട് പ്രകാരം അതത് ഡിപ്പാർട്ടുമെന്റുകൾ സ്വമേധയാ ഇത് അവരവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കണമെന്നാണ് നിയമം. അത് നമ്മൾ ചെയ്യുന്നുണ്ട്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്താനുള്ള ഒരു നീക്കവും ഞങ്ങളുടെ ഭാഗത്തില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ വിജിലൻസ് ആവശ്യപ്പെടുന്ന കാര്യമാണ്. അത് പരിശോധിച്ച ശേഷമാണ് ഇങ്ങനെയൊരു വിജ്ഞാപനം ഇറക്കിയിട്ടുള്ളത്.

Short Notice Question

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ നേരത്തെ പറഞ്ഞതുതന്നെയാണ്. അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൗരൻമാർക്ക് അറിയാനുള്ള അവകാശത്തെ നിഷേധിക്കാതെ മുന്നോട്ടുപോകാൻ കഴിയേണ്ടതുണ്ട് എന്നുള്ളതാണ്. അത്തരത്തിൽ ഈ നിയമത്തെ സംബന്ധിച്ച് ഇങ്ങനെയൊരു മാറ്റം വരുമ്പോൾ ജനങ്ങൾക്ക് അതിൽ ആശങ്കയുണ്ട്, അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. അത് സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയതാണ്. വിവരാവകാശം പ്രധാനം ചെയ്യുന്ന സുതാര്യത അഴിമതിക്കാർക്ക് ഒരു കാരണവശാലും ഗുണകരമാകാൻ പാടില്ലയെന്നതാണ് ഈ നിയന്ത്രണങ്ങളുടെ അടിസ്ഥാനം. അന്വേഷണത്തിന്റെ കാര്യക്ഷമതയെ ഒരു കാരണവശാലും ബാധിക്കാത്ത തരത്തിലുള്ള സുതാര്യത ഉറപ്പുവരുത്തണമെന്നാണ് ഗവൺമെന്റിന്റെ ലക്ഷ്യം. കേസ് അന്വേഷണം പുരോഗമിച്ച് നിർണ്ണായക ഘട്ടത്തിലെത്തുമ്പോൾ കേസിന്റെ വിവരങ്ങൾ പുറത്തുപോയാൽ അതിന്റെ പ്രയോജനം കുറ്റാരോപിതർക്കായിരിക്കും.

Short Notice Question

അങ്ങനെ കേസ് അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ മുൻകൂട്ടി അന്വേഷണവേളയിൽ കൊടുത്താൽ, it will defeat the purpose of the enquiry, അതാണ് പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ശരിയാണ്, വിവരാവകാശ നിയമത്തിൽതന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിരവധി വിധികളുണ്ട്. അതിനകത്ത് അഴിമതി, Human Rights Violation തുടങ്ങിയ കേസുകളിൽ ഇത് നൽകണമെന്ന് പറയുന്നുണ്ട്. നമ്മൾ നൽകാനും തയ്യാറാണ്. പക്ഷേ കേസ് അന്വേഷണം പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ അത് നൽകാവൂ എന്നുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ വിജിലൻസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. എഫ്.ഐ.ആർ., ചാർജ്ജ് ഷീറ്റ് തുടങ്ങിയവ കോടതിയിൽ സമർപ്പിക്കുകയാണ്. ആർക്കും എടുക്കാവുന്നതാണ്. വേണമെങ്കിൽ അത് വെബ്സൈറ്റിലൂടെ ഇത് കഴിഞ്ഞാൽ നൽകാവുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

27-10-2026

Short Notice Question

(ചോദ്യോത്തര സമയം കഴിഞ്ഞു.)